**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2636** **06-10-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ടിന്റെ പ്രവർത്തനം ആരംഭിച്ചതോടെ സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്കുണ്ടായ ഉണർവ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **(എ) & (ബി)**<br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ട് വിഴിഞ്ഞം ഇൻഡസ്ട്രിയൽ ഗ്രോത്ത് കോറിഡോർ എന്ന പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. കൂടാതെ, വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള തിരുവനന്തപുരം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ പദ്ധതി നടപ്പിലാക്കാനുള്ള സാധ്യതകളും സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (ബി) | വ്യവസായ മേഖലയ്ക്കുണ്ടായ ഉണർവിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്ത് കൂടുതൽ ഗുണകരമാകുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | മറുപടി (എ) പാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യത പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കാൻ സ്വീകരിച്ച നടപടികളും പുരോഗതിയും വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യത പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനായി പുതുക്കിയ ലാൻഡ് അലോട്ട്മെന്റ് നയം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കിൻഫ്ര വ്യവസായ പാർക്കുകളിലോ, മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്കുകളിലോ ലോജിസ്റ്റിക് പ്രവർത്തനങ്ങൾക്കും വെയർ ഹൗസിങ്ങിനും വേണ്ടി ഒരു പരമാവധി പരിധി നിശ്ചയിച്ച് ഭൂമി അലോട്ട് ചെയ്യുന്നതാണ്. ഇതിനായി പുതുതായി വരുന്ന കിൻഫ്ര പാർക്കുകളിൽ ഒരു നിശ്ചിത ശതമാനം ഭൂമി മാറ്റിവെക്കുന്നതാണ്. പുതുക്കിയ നയം പ്രകാരം യഥാർത്ഥ അലോട്ടിക്ക് അവർ നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ മറ്റ് ഓപ്പറേറ്റർമാർക്ക് സബ് ലീസ് ചെയ്യാവുന്നതാണ്. സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയെ |

| | | | |
|---|---|---|---|
| | | | സഹായിക്കുന്നതിന് വേണ്ടി സർക്കാർ ഒരു പുതിയ ലോജിസ്റ്റിക് പാർക്ക് പോളിസിക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിരവധി കമ്പനികൾ ലോജിസ്റ്റിക് പാർക്കുകൾ ആരംഭിക്കുകയും നിർമ്മാണം തുടങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ